(ബി) ഏതെങ്കിലും ബസ്സിൽ ഇത്തരം സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടില്ലായെന്ന് വ്യക്തമായാൽ നടപടി സ്വീകരിക്കാവുന്നതേയുള്ളൂ.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ബോഡിനിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുവാൻ എമർജൻസി വാതിലുകൾ നിർബന്ധമാക്കിയിട്ടുണ്ട്. തീപ്പൊരിയിൽനിന്നും ഡീസലിന് തീപിടിക്കുന്നത് ഒഴിവാക്കാനായി ഇരുമ്പ് ബ്രായ്ക്കറ്റ് എല്ലാ ഹെവി, മീഡിയം വാഹനങ്ങളിലും ഘടിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ബസ്സുകളിൽ വേഗത നിയന്ത്രണ സംവിധാനം (സ്പീഡ് ഗവർണർ) ഘടിപ്പിക്കണമെന്നും ഉത്തരവായിട്ടുണ്ട്.

(ഇ) ഒന്ന്.

റോഡപകടങ്ങൾ

39 [2691] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, ബിനോയ് വിശ്വം:
,, എം. കുമാരൻ:
,, പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡപകടങ്ങൾ ഒഴിവാക്കുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) വാഹനങ്ങളുടെ അമിതവേഗം, നിയമങ്ങൾ ലംഘിക്കൽ, മദ്യപിച്ച് വണ്ടി ഓടിക്കൽ, ലൈസൻസ് ഇല്ലാത്തവർ ഡ്രൈവിംഗ് നടത്തുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ ആവശ്യമായ പൊതുജന ബോധവൽക്കരണത്തിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) റോഡ് സുരക്ഷാ കാര്യങ്ങളിൽ വരുത്തുന്ന വീഴ്ച റോഡപകടങ്ങൾ വർദ്ധിക്കുന്നതിന് കാരണമായിട്ടുണ്ടെന്നത് കണക്കിലെടുത്ത് റോഡ് സുരക്ഷാ നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) 2002-2003 വർഷത്തിൽ സംസ്ഥാനത്ത് എത്ര റോഡ് അപകടങ്ങൾ ഉണ്ടായി; ഇതിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്;

(എഫ്) 2003 ഏപ്രിൽ മാസത്തിനുശേഷം ഉണ്ടായ വാഹനാപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ട്;

(ജി) വിഷദ്രാവകങ്ങൾ, അപകടകാരികളായ രാസവസ്തുക്കൾ തുടങ്ങിയവ കൊണ്ടുപോകുന്ന വാഹനങ്ങളുടെ അപകടങ്ങൾമൂലം കൂടുതൽ ജനങ്ങൾക്ക് അപകടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ അത് നിയന്ത്രിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) റോഡ് നിയമങ്ങൾ ലംഘിക്കുന്നവരെ കണ്ടെത്താൻ വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ഹാൻഡ് ഹെൽഡ് റഡാറുകളുടെയും ബ്രീത്ത് അനലൈസറുകളുടെയും സഹായത്തോടെ പരിശോധനാ സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. പ്രധാനപ്പെട്ട പല ജംഗ്ഷനുകളിലും ട്രാഫിക് സിഗ്നലുകളും വ്യത്യസ്ത വാഹനങ്ങളുടെ വേഗതാ പരിധി അറിയിക്കുന്ന ബോർഡുകളും, റോഡ് വാണിംഗ് ബ്ലിങ്കറുകളും സ്ഥാപിച്ചുവരുന്നു. തിയേറ്ററുകളിൽ റോഡ് സുരക്ഷയെ സംബന്ധിച്ച സ്ലൈഡുകൾ പ്രദർശിപ്പിച്ചും വരുന്നുണ്ട്. റോഡ് സുരക്ഷാ വാരം, റോഡ് സുരക്ഷാ മാസം എന്നിവ ആചരിക്കുകയും ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) സ്വീകരിച്ചുവരുന്നുണ്ട്.

(ഇ, എഫ്) 2002-ൽ 38762 അപകടങ്ങൾ ഉണ്ടാകുകയും 2792 പേർ മരണപ്പെടുകയും ചെയ്തു. 2003 മേയ് 31 വരെ 16293 അപകടങ്ങൾ ഉണ്ടാകുകയും 1222 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

(ജി) ഇല്ല.

(എച്ച്) ചോദ്യം ഉദിക്കുന്നില്ല.

ദേശീയ പാതയിൽ ഒരു വർഷത്തിനുള്ളിൽ നടന്ന റോഡപകടങ്ങൾ

40 [2692] ശ്രീ. തമ്പാനൂർ രവി:
,, എൻ. ശക്തൻ:
,, കെ. മോഹൻകുമാർ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിൽ നെയ്യാറ്റിൻകരയ്ക്കും പാറശാലയ്ക്കും മദ്ധ്യേ ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര റോഡപകടങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഈ റൂട്ടിൽ അപകടങ്ങൾ കൂടുവാനുള്ള കാരണമെന്താണ്;

(സി) മണൽ കയറ്റിക്കൊണ്ട് അതിവേഗം പായുന്ന ലോറികൾ, സമാന്തര സർവ്വീസുകളുടെ മൽസരപ്പാച്ചിൽ എന്നിവയ്ക്ക് ഈ റോഡപകടങ്ങളിലുള്ള പങ്കെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) സമാന്തര സർവ്വീസ് നടത്തുന്ന വാഹനങ്ങളുടെ മൽസരപ്പാച്ചിലും ലോറികളുടെ അമിതവേഗതയും നിയന്ത്രിക്കുവാൻ നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly